# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ദേലംപാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി7/604/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 28/09/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേലംപാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി7/604/2021 തീയ്യതി: 28/09/2021

## കാസർഗോഡ് ജില്ലയിലെ ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ ടി.എൻ. | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2021 | 02-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-08-2021 | 02-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഗോപാലകൃഷ്ണ നായ്ക് പി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജയാനന്ദ എച്ച് .ഓഡിറ്റ് ഓഫീസർ
ശ്രീ.വിനോദ് കുമാർ വി.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.യാദവ കുമാരാ സി.എച്ച്.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.എം.ബാബു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.കുഞ്ഞികൃഷ്ണൻ കെ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ജനാർദ്ദനൻ സ ി .സ ിന ിയർ ഗ്രേഡ് ഓഡ ിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.മുസ്തഫ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ഗീതാമണി .ആർ | സെക്രട്ടറി | 01-04-2019 | 02-05-2019 |
| ഹംസ.എം അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-05-2019 | 20-06-2019 |
| ഗീതാമണി .ആർ | സെക്രട്ടറി | 21-06-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ.എം.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ബിന്ദു.കെ.എം | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശശികുമാരൻ.എം.കെ | പ്രധാനാധ്യാപകൻ | 01-04-2019 | 02-08-2019 |
| ഗംഗാധര ഷെട്ടി | പ്രധാനാധ്യാപകൻ | 03-08-2019 | 30-11-2019 |
| രാധാകൃഷ്ണ നായിക് | പ്രധാനാധ്യാപകൻ | 01-12-2019 | 31-03-2020 |
| വിനീത് .കെ | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ.സരള.എ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2019 | 31-03-2020 |
| ഡോ.ഗോപകുമർ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-01-2020 |
| ഡോ.മോഹമ്മദ് ഇംപ്തിയാസ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-02-2020 | 31-03-2020 |
| അജീബ എസ് | കൃഷി ഓഫീസർ | 01-04-2019 | 03-06-2019 |
| ഗിരീഷ് ബി | കൃഷി ഓഫീസർ | 04-06-2019 | 29-08-2019 |
| അജീബ എസ് | കൃഷി ഓഫീസർ | 30-08-2019 | 31-03-2020 |
| ഹംസ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ജിനേഷ് .എ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ അഡൂർ ചാർജ് | 01-04-2019 | 16-12-2019 |
| ജയരാജ് .പി കെ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ അഡൂർ | 17-12-2019 | 31-03-2020 |
| ജിനേഷ് .എ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ദേലംപാടി | 01-04-2019 | 16-12-2019 |
| അശോകൻ എ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 17-12-2019 | 31-03-2020 |
| ഡോ.സുമയ്യ | മെഡിക്കൽ ഓഫീസർ ഹോമിയോപ്പതി | 01-04-2019 | 15-11-2019 |
| ഡോ.ലേഖ | മെഡിക്കൽ ഓഫീസർ ഹോമിയോപ്പതി | 16-11-2019 | 31-03-2020 |

--

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayananda. H (Audit Officer, On 29-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന-ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 05-09-2021) | 1-2 |
| 3 | ബാങ്ക് ട്രഷറി അക്കൗണ്ടുകളുടെ റീക്കൺസിലിയേഷനിലെ അപാകതകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-2-1 |
| 4 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്തിയതിന് കണക്കുകൾ ഇല്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 05-09-2021) | 1-2-2 |
| 5 | മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകയുടെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-2-3 |
| 6 | ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കുകളിൽ അപാകതകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-2-4 |
| 7 | ദുരിതാശ്വാസ നിധിയിലേക്ക് പിരിച്ച തുക അടക്കാൻ ബാക്കി<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-2-5 |
| 8 | അഡ്വാൻസുകളുടെ കണക്കിലുള്ള തുകകളിൽ ക്രമീകരണം ആവശ്യമാണ്.<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-2-6 |
| 9 | ഫണ്ടുകളുടെ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ചെലവുകൾ വരുമാനക്കണക്കിൽ ചേർത്തിട്ടില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-2-7 |
| 10 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ പിശക്<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-2-8 |
| 11 | ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നതിന് ആധികാരികമായ രേഖകൾ സൂക്ഷിക്കുന്നില്ല, അനുമതികൾ വാങ്ങുന്നില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 05-09-2021) | 1-2-9 |
| 12 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-2-10 |
| 13 | അക്കൗണ്ടിംഗ് സംബന്ധിച്ച ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-2-11 |
| 14 | സാമ്പത്തിക വിശകലനം | 1-3 |

| | | |
|---|---|---|
| | Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 16-09-2021) | |
| 15 | ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 29-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-4 |
| 16 | പദ്ധതി അവലോകനം<br>Written By: Jayananda. H (Audit Officer, On 29-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-09-2021) | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി<br>Written By: Janardanan C (Auditor, On 29-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-09-2021) | 1-6 |
| 18 | ക്ഷേമ പദ്ധതികകൾ<br>Written By: Babu M (Senior Grade Auditor, On 27-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-7 |
| 19 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Janardanan C (Auditor, On 26-08-2021)<br>Last Updated By: Janardanan C (Auditor, On 26-08-2021) | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayananda. H (Audit Officer, On 29-08-2021)<br>Last Updated By: Jayananda. H (Audit Officer, On 29-08-2021) | 1-9 |
| 21 | മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Jayananda. H (Audit Officer, On 29-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 31-08-2021) | 1-10 |
| 22 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസിലേക്ക്, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിൽ കാലതാമസം<br>Written By: Babu M (Senior Grade Auditor, On 26-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-11 |
| 23 | രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തുന്നില്ല<br>Written By: Janardanan C (Auditor, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-12 |
| 24 | കെട്ടിട നിർമ്മാണം - അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല.<br>Written By: Janardanan C (Auditor, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-13 |
| 25 | നെൽ വിത്ത് വിതരണം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Babu M (Senior Grade Auditor, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-14 |
| 26 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-15 |
| 27 | റിസ്റ്റോറേഷൻ ഫീ ഈടാക്കിയതിൽ കുറവ്<br>Written By: Janardanan C (Auditor, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-16 |
| 28 | വയോമിത്രം വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-17 |
| 29 | വയോജനങ്ങൾക്കുള്ള പകൽ വിശ്രമ കേന്ദ്രത്തിലേക്ക് ഫർണിച്ചർ നൽകൽ പദ്ധതി അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-18 |

| | | |
|---|---|---|
| 30 | പള്ളഞ്ചി മാതൃഭവന് ഫർണിച്ചർ വാങ്ങി നൽകൽ പദ്ധതി അപാകതകൾ .<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-19 |
| 31 | സ്കൂളുകൾക്ക് പ്രൊജക്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പദ്ധതി അപാകതകൾ.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-20 |
| 32 | പ്രസിഡണ്ട് ക്യാബിൻ സജ്ജീകരിക്കൽ പദ്ധതി അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-21 |
| 33 | വെറ്ററിനറി ഡിസ്പെൻസറിക്ക് കമ്പ്യൂട്ടർ, പ്രിന്റർ, യു,പി.എസ് വാങ്ങൽ പദ്ധതി അപാകതകൾ.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-22 |
| 34 | പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-23 |
| 35 | ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-24 |
| 36 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-25 |
| 37 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-26 |
| 38 | ടെണ്ടർ ചെയ്ത പ്രവൃത്തികൾ- കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം<br>Written By: Gopalakrishna Nayik (Audit Officer, On 04-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 1-27 |
| | **ഭാഗം 2** | |
| 1 | റിസ്റ്റോറേഷൻ ഫീ ഈടാക്കിയതിൽ കുറവ്<br>Written By: Gopalakrishna Nayik (Audit Officer, On 16-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-09-2021) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 26-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 29-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Jayananda. H (Audit Officer, On 29-08-2021)<br>Last Updated By: Jayananda. H (Audit Officer, On 29-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |

| | | |
|---|---|---|
| | ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Gopalakrishna Nayik (Audit Officer, On 26-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 26-08-2021) | |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Gopalakrishna Nayik (Audit Officer, On 26-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 16-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Gopalakrishna Nayik (Audit Officer, On 26-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 26-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Gopalakrishna Nayik (Audit Officer, On 29-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 31-08-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Gopalakrishna Nayik (Audit Officer, On 31-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 25-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 25-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Gopalakrishna Nayik (Audit Officer, On 29-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Gopalakrishna Nayik (Audit Officer, On 25-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 29-08-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് 2019-20 | |
| 3 | റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് 2019-20 | |
| 4 | 31.03.2020 ലെ ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1/55/2019 തീയതി 26-02-2019 | 1/30/2020 തീയതി 24-02-2020 |
| മുന്നിരിപ്പ് | 3,65,87,403 | 1,08,06,753 |
| വരവ് | 16,19,77,000 | 18,70,14,712 |
| ആകെ | 19,85,64,403 | 19,78,21,465 |
| ചെലവ് | 16,39,24,000 | 18,84,40,470 |
| നീക്കിയിരിപ്പ് | 3,46,40,403 | 93,80,995 |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന-ധനകാര്യ പത്രികയിലെ അപാകതകൾ

ദേലമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ധനകാര്യ പത്രിക 18.06.2020-ന് ഓഡിറ്റിന് സമർപ്പിച്ചിരുന്നു. ധനകാര്യ പത്രികയുടെ വിശദമായ പരിശോധനയും സർട്ടിഫിക്കേഷനും ഓഡിറ്റ് വേളയിൽ നടത്തി. ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട നിരീക്ഷണങ്ങൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 ബാങ്ക് ട്രഷറി അക്കൗണ്ടുകളുടെ റീക്കൺസിലിയേഷനിലെ അപാകതകൾ

1. കേരള ഗ്രാമീൺ ബാങ്കിലെ തനതു ഫണ്ട് അക്കൗണ്ട് നം.678 (450220101) ന്റെ 31.03.2020 ലെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ക്യാഷ് ചെയ്യാത്ത ചെക്ക് ആയി 19.07.219 ന് നൽകിയ 82 രൂപയുടെ 20395 നമ്പർ ചെക്ക് ചേർത്തിട്ടുണ്ട്. ചെക്ക് നൽകിയിട്ട് 8 മാസക്കാലമായിട്ടും വേണ്ട ക്രമീകരണങ്ങൾ വരുത്താതെ ക്യാഷ് ചെയ്യാത്ത ചെക്കായി കാണിച്ചിരിക്കുന്നത് ശരിയല്ല.

2. കേരള ഗ്രാമീൺ ബാങ്കിലെ തനതു ഫണ്ട് അക്കൗണ്ട് നം.678 ( 450220101) ന്റെ 31.03.2020 ലെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഡെപ്പോസിറ്റ് ചെയ്തിട്ടും കളക്ഷൻ ആവാത്ത ചെക്ക് ആയി 760 രൂപയുടെ ചെക്ക് കാണിച്ചിട്ടുണ്ട്. എന്നാൽ ചെക്കിന്റെ നമ്പർ, തിയതി എന്നിവ സ്റ്റേറ്റ്മെന്റിൽ ഇല്ല. 01.11.2019 ലെ 119070900023 നമ്പർ രശീതി വൗച്ചർ പ്രകാരം ലഭിച്ച ചെക്ക് ആണ് ഇത്. 4 മാസക്കാലമായിട്ടും കളക്ഷൻ ആവാത്ത ഈ ചെക്കിന് വേണ്ട ക്രമീകരണങ്ങൾ വരുത്താതെ ഡെപ്പോസിറ്റ് ചെയ്തിട്ടും കളക്ഷൻ ആവാത്ത കണക്കിൽ പെടുത്തി റീക്കൺസിൽ ചെയ്തത് ശരിയല്ല.

3. ട്രഷറിയിലെ തനതു ഫണ്ട് അക്കൗണ്ട് നം.72002140000029 (450250110) ന്റെ ന്റെ 31.03.2020 ലെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ക്യാഷ് ചെയ്യാത്ത ചെക്ക് ആയി കാണിച്ചിട്ടുള്ള ചുവടെ ചേർത്ത ചെക്കുകളുടെ വിവരങ്ങളിൽ അപാകതകൾ ഉണ്ട്.

എ) ചെക്ക് നം.2336292/31.10.2019- 9,160 രൂപ- ഈ ചെക്ക് എഴുതിയിട്ട് ചെക്ക് ലീഫിൽ തന്നെ മുറിക്കാതെ വച്ചിട്ടുണ്ട്. പാർട്ടിക്ക് കൊടുക്കാത്ത ഈ ചെക്ക് ക്യാഷ് ചെയ്യാത്ത ചെക്ക് ആയി കാണിച്ചത് ശരിയല്ല.

ബി) ചെക്ക് നം.2336250/26.03.2019- 34,500- ഈ ചെക്ക് ക്യാൻസൽ ചെയ്ത് 29.03.2019 ന് പുതിയ ചെക്ക് പാർട്ടിക്ക് നൽകിയിട്ടുണ്ട്. ക്യാൻസൽ ചെയ്ത ചെക്ക് ക്യാഷ് ചെയ്യാത്ത ചെക്ക് ആയി കാണിച്ചത് ശരിയല്ല.

4) ട്രഷറിയിലെ തനത് ഫണ്ട് അക്കൗണ്ട് നം.72002140000029 (450250110) ന്റെ ന്റെ 31.03.2020 ലെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 21.05.2019 ന് നൽകിയ 20,992 രൂപയുടെ 2336259 നമ്പർ ചെക്ക് "Directly Debited By The Bank"എന്ന കണക്കിൽ പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും നൽകിയ ഒരു ചെക്ക് ക്യാഷ് ആക്കിയത് എങ്ങനെ "Directly Debited By The Bank" എന്ന കണക്കിൽ പെടുത്തി എന്ന് വ്യക്തമല്ല.

5) ട്രഷറിയിലെ സ്പെഷ്യൽ സേവിങ്ങ്സ് അക്കൗണ്ട് നം.79901140000832 (450450101) ന്റെ 31.03.2020 ലെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 24.01.2020 ന് നൽകിയ 1,44,616 രൂപയുടെ 2310802 നമ്പർ ചെക്ക് "Directly Debited By The Bank"എന്ന കണക്കിൽ പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും നൽകിയ ഒരു ചെക്ക് ക്യാഷ് ആക്കിയത് എങ്ങനെ "Directly Debited By The Bank" എന്ന കണക്കിൽ പെടുത്തി എന്ന് വ്യക്തമല്ല.

1-2-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്തിയതിന് കണക്കുകൾ ഇല്ല

312100101- കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന കണക്കിലേക്ക് വികസന ഫണ്ട് ജനറലിൽ നിന്നും 36,46,896 രൂപയും എസ്.സി.പി ഫണ്ടിൽ നിന്നും 11,44,996 രൂപയും ടി.എസ്.പി ഫണ്ടിൽ നിന്നും 29,70,671 രൂപയും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 52,09,418 രൂപയും തൻ വർഷം മാറ്റിയിട്ടുണ്ട്. ഇത് കണക്കാക്കാൻ ആധാരമാക്കിയ രേഖകൾ / വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-2-3 മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകയുടെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ഫണ്ടിലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ഇല്ല

31.03.2020 ലെ ബാലൻസ് ഷീറ്റിൽ 320700204- Contributions For Joint Venture Projects For Revenue Expenditure From Block Panchayats എന്ന കണക്കിൽ 7,70,872/- രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. ഈ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. തുകകളുടെ വിവരങ്ങൾ കണ്ടെത്തി ക്രമീകരണങ്ങൾ നടത്തേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകാനുള്ള തുകകൾ തിരികെ നൽകേണ്ടതാണ്. ബാക്കിയുള്ള തുകകൾ അതാത് ആവശ്യങ്ങൾക്ക വേണ്ടി ചെലവഴിക്കേണ്ടതുമാണ്.

ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച ഫണ്ടിലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ഇല്ല

31.03.2020 ലെ ബാലൻസ് ഷീറ്റിൽ 320700205 - Contributions For Joint Venture Projects For Revenue Expenditure From District Panchayats എന്ന കണക്കിൽ 1,49,730/- രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. ഈ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ഈ തുക ഉടൻ ക്രമീകരിക്കേണ്ടതാണ്.

1-2-4 ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കുകളിൽ അപാകതകൾ

320800101- Beneficairy Contributions എന്ന കണക്കിൽ 2019-20 വർഷം 59,977 രൂപ മുന്നിരിപ്പുണ്ട്. ഇത് ഏത് പ്രോജക്ടിന് വേണ്ടി പിരിച്ച ഗുണഭോക്തൃ വിഹിതം ആണെന്ന വിവരം ഇല്ല.

320800101- Beneficairy Contributions എന്ന കണക്കിൽ 2019-20 വർഷം 3,82,646 രൂപ വരവ് വന്നിട്ടുണ്ട്. അതിൽ നിന്നും ചെലവായ ഗുണഭോക്തൃ വിഹിതം എന്ന കണക്കിൽ പെടുത്തി 3,82,645 രൂപ 03.02.2020 ലെ 41900216 എന്ന ജേണലിലൂടെയും (54,395 രൂപ) 31.03.2020 ലെ 41900280 എന്ന ജേണലിലൂടെയും (3,28,250 രൂപ) 160300206 – Beneficiary Contribution എന്ന വരുമാനക്കണക്കിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ 2019-20 ലെ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രോജക്ട് നം. 12, 197,

199എന്നിവയ്ക്ക് ചെലവ് ചെയ്ത ഗുണഭോക്തൃ വിഹിതം ചുവടെ ചേർത്ത പ്രകാരം 3,80,445 രൂപ മാത്രമാണ്.

| പ്രോജക്ട് | ചെലവ് ചെയ്ത ഗുണഭോക്തൃ വിഹിതം |
|---|---|
| 12/20 | 2,99,615 |
| 197/20 | 76,245 |
| 199/20 | 4,585 |
| ആകെ | 3,80,445 |

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഗുണഭോക്തൃ വിഹിതം എന്ന കണക്കിൽ നിർവഹണ ഉദ്യോഗസ്ഥൻമാർ ഗുണഭോക്താക്കളിൽ നിന്നും പിരിച്ച് പഞ്ചായത്തിൽ അടച്ചതിന്റെയും അതിൽ നിന്നുള്ള ചെലവിന്റെയും കണക്കുകൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ ഉദ്പാദന മേഖലയിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ മിക്ക പ്രോജക്ടുകൾക്കും ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നു. ഈ തുക ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്ത തുക കണക്കാക്കി ഗുണഭോക്തൃ വിഹിതം ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രോജക്ടുകളുടെ മൊത്തം ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തേണ്ടി വരുന്നു.

1-2-5 ദുരിതാശ്വാസ നിധിയിലേക്ക് പിരിച്ച തുക അടക്കാൻ ബാക്കി

31.03.2020 ലെ ബാലൻസ് ഷീറ്റിൽ 320800299- Donations To Flood എന്ന കണക്കിൽ 7,364 രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. 21.08.2018 മുതൽ ജീവനക്കാരിൽ നിന്നും പൊതു ജനങ്ങളിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വേണ്ടി സമാഹരിച്ച തുകകളിൽ ദുരിതാശ്വാസ നിധിയിൽ അടക്കാൻ ബാക്കിയുള്ള തുകയാണ് ഇത്. 09.07.2019 നാണ് ഈ തുകയിൽ നിന്ന് അവസാനമായി ദുരിതാശ്വാസ നിധിയിലേക്ക് തുക അടച്ചിട്ടുള്ളത്. ദുരിതാശ്വാസ നിധിയിലേക്ക് പിരിച്ച തുക സമയത്ത് അടക്കാതിരിക്കുന്നത് ശരിയല്ല.

31.03.2020 ലെ ബാലൻസ് ഷീറ്റിൽ 350800299- Other Liabilities എന്ന ബാദ്ധ്യതാ ഹെഡിൽ 1,46,230 രൂപ നീക്കിയിരിപ്പുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭരിച്ച തുകകളാണ് ഈ കണക്കിൽ പെടുത്തിയിട്ടുള്ളത്. ദുരിതാശ്വാസ നിധിയിലേക്ക് പിരിച്ച തുക സമയത്ത് അടക്കാതിരിക്കുന്നത് ശരിയല്ല.

1-2-6 അഡ്വാൻസുകളുടെ കണക്കിലുള്ള തുകകളിൽ ക്രമീകരണം ആവശ്യമാണ്.

31.03.2020 ലെ ബാലൻസ് ഷീറ്റിൽ 460100199- Other Advances എന്ന ആസ്തി ഹെഡിൽ 2,49,811 രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ 31.03.2019 ലെ 41800342 നമ്പർ ജേണൽ മുഖേന " Excess Library Cess Remitted For The Period 2016-17, 17-18, 18-19 First Half Transfering To Advance" എന്ന നാരേഷനോടു കൂടി രേഖപ്പെടുത്തിയ 70,671/- രൂപ ഉൾപ്പെടുന്നു. ഇത്തരത്തിൽ അഡ്വാൻസ് ആയി കാണിച്ച തുക നാളിതു വരെ ക്രമീകരിച്ചിട്ടില്ല.

ഈ ഹെഡിലെ നീക്കിയിരിപ്പിൽ 10.06.2019 ലെ 4190279 നമ്പർ ജേണൽ മുഖേന Premonsoon Cleaning Advance To 16 Wards എന്ന നാരേഷനോടു കൂടി രേഖപ്പെടുത്തിയ 1,60,000/- രൂപ ഉൾപ്പെടുന്നു. നാളിതു വരെ ഈ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല.

1-2-7 ഫണ്ടുകളുടെ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ചെലവുകൾ വരുമാനക്കണക്കിൽ ചേർത്തിട്ടില്ല

1. വികസന ഫണ്ട് (ജനറൽ ) വിഭാഗത്തിൽ 2019-20 വർഷത്തെ ആകെ ചെലവ് 1,00,34,628/- രൂപയാണ്. (സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 89,169 രൂപയടക്കം) എന്നാൽ, 160100101 – വികസന ഫണ്ട് ജനറൽ എന്ന വരുമാനക്കണക്കിൽ 62,98,563/- രൂപയും 312100101- കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന കണക്കിൽ വികസന ഫണ്ടിൽ നിന്നും 36,46,896/- രൂപയുമടക്കം 99,45,459/- രൂപയുടെ കണക്ക് മാത്രമാണ് ധനകാര്യ പത്രികയിൽ ചേർത്തിട്ടുള്ളത്. വികസന ഫണ്ട് (ജനറൽ ) വിഭാഗത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 89,169/- രൂപ വരുമാനക്കണക്കിൽ പെടുത്തിയിട്ടില്ല.

2. വികസന ഫണ്ട് (ടി.എസ്.പി.) യിനത്തിലെ ആകെ ചെലവ് (സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 3,67,647/- രൂപയടക്കം) 61,20,342/- രൂപയാണ്. എന്നാൽ 160100102- വികസന ഫണ്ട് ടി.എസ്.പി. എന്ന വരുമാനക്കണക്കിൽ 27,82,024/- രൂപയും 312100101- കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന കണക്കിൽ ടി.എസ്.പി.ഫണ്ടിൽ നിന്നും 29,70,671/- രൂപയുമടക്കം 57,52,695/- രൂപയുടെ കണക്ക് മാത്രമാണ് ധനകാര്യ പത്രികയിൽ ചേർത്തിട്ടുള്ളത്. വികസന ഫണ്ട് (ടി.എസ്.പി) വിഭാഗത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 3,67,647/- രൂപ വരുമാനക്കണക്കിൽ പെടുത്തിയിട്ടില്ല.

3. ജനറൽ പർപ്പസ് ഫണ്ടിനത്തിൽ സ്രോതസ്സിൽ നിന്നും കെ.എസ്.ഇ.ബി. ക്കുള്ള കുടിശ്ശിക തുകയിനത്തിൽ കുറവ് ചെയ്ത 932/- രൂപയടക്കം തൻവർഷം 1,05,81,183/- രൂപ വരുമാനം ഉണ്ട്. എന്നാൽ 16010501- ജനറൽ പർപ്പസ് ഫണ്ട് എന്ന വരുമാനക്കണക്കിൽ 1,05,80,251/- രൂപ മാത്രമേ വരുമാനം ചേർത്തിട്ടുള്ളൂ. സ്രോതസ്സിൽ നിന്നും കുറവു ചെയ്ത 932 രൂപ ചേർത്തിട്ടില്ല.

1-2-8 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ പിശക്

സാംഖ്യ യിൽ നിന്നുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വികസന ഫണ്ട് – ജനറൽ ഇനത്തിൽ ജി.ഒ.(ആർ.ടി.)നം.8228/2019 /ഫിൻ, തിയതി 19.10.2019 പ്രകാരം 15,750/- രൂപ അലോട്ട്മെന്റ് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ സർക്കാർ ഉത്തരവ് പ്രകാരം ദേലമ്പാടി പഞ്ചായത്തിന് തുകയൊന്നും അലോട്ട് ചെയ്തിട്ടില്ല.

1-2-9 ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നതിന് ആധികാരികമായ രേഖകൾ സൂക്ഷിക്കുന്നില്ല, അനുമതികൾ വാങ്ങുന്നില്ല.

ജേണൽ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജേണൽ വൗച്ചറുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി വയ്ക്കുന്ന പതിവ് പഞ്ചായത്തിൽ ഇല്ല. ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ, തെളിവുകൾ, ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ അധികാരപ്പെടുത്തലുകൾ, ജേണലുകൾക്ക് ആധാരമായ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്നിവ സൂക്ഷിക്കുന്ന പതിവും പഞ്ചായത്തിൽ ഇല്ല.

1-2-10 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്

വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായുള്ള ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ശരിയല്ല. 01.04.2019 ലെ ക്യാഷ്/ബാങ്ക് നീക്കിയിരിപ്പും 31.03.2020 ലെ ക്യാഷ്/ബാങ്ക് നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (+) 56,37,138 രൂപയാണ്. എന്നാൽ ക്യാഷ് ഫ്ലോ പട്ടിക പ്രകാരം Operating Activities, Investing Activities, Financing Activities എന്നിവ വഴി ക്യാഷിൽ 53,11,557 രൂപയുടെ വർദ്ധന ഉണ്ടായതായാണ് കാണിച്ചിട്ടുള്ളത്.

1-2-11 അക്കൗണ്ടിംഗ് സംബന്ധിച്ച ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ

സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും ഭൗതിക പരിശോധന നടത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

<u>അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്താനുള്ള സംവിധാനമില്ല.</u>

വിവിധ അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താവുന്ന തരത്തിലുള്ള സംവിധാനം നിലവിലില്ല. ഇക്കാര്യം ഉറപ്പ് വരുത്താൻ ആധാരമാക്കാവുന്ന രീതിയിൽ അല്ല അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. ജീവനക്കാർക്ക് നൽകുന്ന അഡ്വാൻസ് തുകകൾ മാത്രമേ അഡ്വാൻസ് രജിസ്റ്ററിൽ എഴുതിയിട്ടുള്ളൂ. ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18ലെ മറ്റു അഡ്വാൻസ് തുകകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ അഡ്വാൻസ് രജിസ്റ്ററിൽ ഇല്ല.

<u>സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന നടത്തുന്നില്ല</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

<u>ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ ധനകാര്യ പത്രിക ഓഡിറ്റ് ചെയ്യുന്നില്ല</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സെക്രട്ടറി അടുത്ത മാസം 10ആം തിയതിക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

<u>പ്രതിമാസ കണക്കുകൾ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടു കൂടി പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല.</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം സെക്രട്ടറി സമർപ്പിക്കുന്ന പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയും ഓഡിറ്റ് ചെയ്യുകയും ചെയ്ത ശേഷം കമ്മിറ്റിയുടെ ശുപാർശയോടു കൂടി തുടർന്നു വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

## <u>1-3 സാമ്പത്തിക വിശകലനം</u>

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 1,75,57,103 |
| വരവ് | 9,79,71,637 |
| ആകെ | 11,55,28,740 |
| ചെലവ് | 9,23,34,499 |
| നീക്കിയിരിപ്പ് | 2,31,94,241 |

മേൽ വരവു ചെലവുകൾ കൂടാതെ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകിയ 1,70,02,119 രൂപയും വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകിയ 1,56,97,000 രൂപയും വരവു ചെലവുകളിൽ ഉൾപ്പെടുന്നു.

## <u>1-4 ഫണ്ട് വിനിയോഗം</u>

വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ്, അവയിൽ നിന്നുള്ള ചെലവ്, വിനിയോഗിക്കാത്ത/ലാപ്സായ തുക

എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 1,68,07,581 | 1,68,07,581 | 99,45,459 | 68,62,122 | പട്ടികയിലെ ചെലവു തുക കൂടാതെ 6 ബില്ലുകളിലായി 12,95,462 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട് |
| വികസന ഫണ്ട് എസ്.സി.പി. | 0 | 46,91,000 | 46,91,000 | 27,84,483 | 19,06,517 | |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 1,30,58,353 | 1,30,58,353 | 61,20,342 | 69,38,011 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടി നായി കുറവ് ചെയ്ത തുകയായ 3,67,647 രൂപ അടക്കമുള്ള വരവു ചെലവു കളാണ് പട്ടികയിൽ ചേർത്തി ട്ടുള്ളത്. ഇത് കൂടാതെ 7 ബില്ലുകളി ലായി 23,10,859 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 1,34,23,000 | 1,34,23,000 | 61,05,449 | 73,17,551 | |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 52,70,000 | 52,70,000 | 38,55,757 | 14,14,243 | പട്ടികയിലെ ചെലവു തുക കൂടാതെ 19,990 രൂപയുടെ ഒരു ബിൽ ക്യൂ ആയിട്ടുണ്ട് |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,12,50,773 | 1,12,50,773 | 52,09,418 | 60,41,355 | പട്ടികയിലെ ചെലവു തുക കൂടാതെ 34 ബില്ലുകളിലായി 20,54,849 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ- | | | | | | |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 25,111 | 1,85,41,460 | 1,85,66,571 | 1,78,10,560 | 7,56,011 | |
| സമ്പൂർണ്ണ ശുചിത്വ പദ്ധതി | 2,20,443 | 0 | 2,20,443 | 0 | 2,20,443 | |
| ICDS | 1,56,721 | 10,75,156 | 12,31,877 | 9,78,207 | 2,53,670 | |
| പൈക്ക | 1,13,586 | 0 | 1,13,586 | 0 | 1,13,586 | |
| സംസ്ഥാനാ വിഷ്കൃത പദ്ധതികൾ- | | | | | | |
| ജലനിധി | 5,99,212 | 50,30,792 | 56,30,004 | 52,90,090 | 3,39,914 | |
| ശുചിത്വ മിഷൻ | 0 | 1,60,000 | 1,60.000 | 1,60,000 | ഇല്ല | |
| വിമുക്തി | 54,500 | 0 | 54,500 | 16,540 | 37,960 | |
| കോർപ്പസ് ഫണ്ട് | 27,00,000 | 0 | 2700000 | 0 | 27,00,000 | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 1,20,000 | 1,20,000 | 1,20,000 | 0 | |
| തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിൽ ചെയ്തവർക്കുള്ള ഇൻസെന്റീവ് | 0 | 74,000 | 74,000 | 74,000 | 0 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 10,75,93,820 | 128 | 4,24,21,390 | - | 79 | 61.83 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 23 | 89,88,017 | 17 | 23,90,203 | 26.59 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 119 | 5,39,84,183 | 67 | 2,27,90,143 | 42.21 |
| 3 | കൃഷി ഓഫീസർ | 3 | 25,05,835 | 3 | 6,14,436 | 40.78 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11 | 2,02,58,394 | 8 | 49,99,469 | 24.67 |
| 5 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13 | 57,64,150 | 8 | 42,90,451 | 74.43 |
| 6 | വെറ്റിനറി സർജ്ജൻ | 9 | 61,62,200 | 7 | 12,25,553 | 19.88 |
| 7 | മെഡിക്കൽ ഓഫീസർ – ആയുർവ്വേദം | 2 | 1,19,990 | 2 | 1,19,990 | 100 |
| 8 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 8 | 20,25,051 | 8 | 14,51,242 | 71.66 |
| 9 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2,00,000 | 2 | 1,97,030 | 98.51 |
| 10 | പ്രധാനാധ്യാപകൻ | 11 | 69,40,000 | 5 | 40,26,323 | 58 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 6,46,000 | 5 | 3,16,550 | 49 |
| | ആകെ | 207 | 10,75,93,820 | 132 | 4,24,21,390 | 39.42 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 25,111 | 15,39,341 | 15,64,452 | 8,08,441 | 7,56,011 |
| ഗുണഭോക്താക്കൾക്ക് | 0 | 1,70,02,119 | 1,70,02,119 | 1,70,02,119 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 25,111 | 1,85,41,460 | 1,85,66,571 | 1,78,10,560 | 7,56,011 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 1,922 (തൊഴിൽ ദിനങ്ങൾ) പദ്ധതികളുൾപ്പെടുന്ന 6,02,26,950/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 1,74,39,119/- രൂപയുടെ 124 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 61,902 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 74 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികകൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 9,840 | 7 |
| കർഷക തൊഴിലാളി പെൻഷൻ | 4,20,600 | 75 |
| വിധവാ പെൻഷൻ | 60,60,000 | 924 |
| വാർദ്ധക്യകാലപെൻഷൻ | 69,12,300 | 1111 |
| വികലാംഗ പെൻഷൻ | 18,67,300 | 323 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 3,16,800 | 47 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,20,000 | 4 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-08-2021 തീയ്യതിയിൽ 3 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 2,670/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |

ഓഫീസ് ജോലി വിഭജനം

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 32 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 15 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 14 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 13തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 10 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യുകയോ മിനിറ്റ്സ് ബുക്ക് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

## 1-10 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15-07-2021 മുതൽ 17-07-2021 വരെ | 12/2020 മുതൽ 06/2021 വരെ | 22-07-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-04-2012 മുതൽ 15-05-2012 വരെ | 2006-07 മുതൽ 2011-12വരെ | 18-06-2012 |

## 1-11 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസിലേക്ക്, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിൽ കാലതാമസം

| നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 230 / 2019-20 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസിലേക്ക്, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ തുക | 67,421 രൂപ |
| ചെലവ് തുക | 40,469 രൂപ |
| ബിൽ നമ്പർ / തിയ്യതി | 7/2019-20 തിയ്യതി : 31.03.2020. |
| ഫണ്ട് ഇനം | മെയിന്റനൻസ് ( നോൺ റോഡ് ) |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസിലേക്ക്, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പദ്ധതി നടപ്പിലാക്കുന്നതിനായി 40,469/- രൂപ ചെലവഴിച്ചിട്ടുണ്ട്. ACER COMPUTER SYSTEM വാങ്ങുന്നതിനു വേണ്ടിയാണ് മേൽ തുക നിർദ്ദേശിച്ചിട്ടുള്ളത്. മേൽ ബിൽ നമ്പർ പ്രകാരം, കേരളാ സ്റ്റേറ്റ് ഐ.ടി.മിഷൻ എന്ന സ്ഥാപനത്തിന്റെ 799011400003959 -ാം നമ്പർ അക്കൌണ്ടിലേക്ക്, കമ്പ്യൂട്ടറിന്റെയും അനുബന്ധ ഉപകരണങ്ങളുടേയും തുകയായ 40,469/- രൂപ 31.03.2020 ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ഐ.ടി.മിഷന്റെ 23.04.2021- ലെ ഇൻവോയ്സ് നമ്പർ PYSI21002512- പ്രകാരം തുക കൈപ്പറ്റി 45 ദിവസത്തിനകം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതാണെന്നും അഞ്ച് വർഷം വാറൻറിയും സ്ഥാപനം നിഷ്കർഷിക്കുന്നു. എന്നാൽ 31.03.2020-ന് സ്ഥാപനം തുക കൈപ്പറ്റിയതിനു ശേഷം , 04.05.2021 -ന് മാത്രമാണ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു പ്രൊജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള സമയബന്ധിതമായ തുടർനടപടികൾ സ്വീകരിക്കുന്നതിൽ , നിർവ്വഹണ ഉദ്യോഗസ്ഥർ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തുന്നില്ല

രശീതികൾ ക്യാൻസൽ ചെയ്യേണ്ടി വരുന്ന സന്ദർഭത്തിൽ ,എന്ത് കാരണം കൊണ്ടാണ് ക്യാൻസൽ ചെയ്യുന്നതെന്ന രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രശീതി നമ്പർ | തുക |
|---|---|---|
| 1. | 37983/19 | 98/- |
| 2. | 37985/37 | 294/- |
| 3. | 37985/43 | 374/- |
| 4. | 8780/14 | 58/- |

ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-13 കെട്ടിട നിർമ്മാണം - അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ, പുതുക്കുമ്പോഴോ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

(ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം). ഇതു കൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണ വിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമ പഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയ നിരക്കിൽ തന്നെ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കുശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തത് നികുതി ഇനത്തിൽ സ്ഥാപനത്തിന് നികുതി നഷ്ടം സംഭവിക്കാൻ സാധ്യതയുണ്ട്. അനധികൃത നിർമ്മാണങ്ങൾ /മാറ്റം വരുത്തലുകൾ/ കൂട്ടിച്ചേർക്കലുകൾ തടയുന്നതിനും കെട്ടിടത്തിന്റെ യഥാർത്ഥ ഘടനയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി ഈടാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാനും ഫീൽഡ് തല പരിശോധനകൾ കൂടുതലായി നടത്തേണ്ടതാണ്.

## 1-14 നെൽ വിത്ത് വിതരണം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | | കൃഷി ഓഫീസർ | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ / തിയ്യതി | ഫണ്ട് ഇനം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് |
| 1 | 2,00,000 രൂപ | 2,00,000 രൂപ | 1/2019-20 തിയ്യതി 6.11.2019 | വികസന ഫണ്ട് ജനറൽ | 55/2019-20 | നെൽ വിത്ത് വിതരണം |
| ആകെ | | 2,00,000 രൂപ | | | | |

2019-20 വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ നെൽ വിത്ത് വിതരണം പദ്ധതി പ്രകാരം , ആകെ 2,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ രേഖകളുടെ സൂക്ഷിപ്പിലെ അപാകത ചുവടെ ചേർക്കുന്നു.

ജി.ഒ. (എം.എസ്) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(1) വിത്തുകളുടെ ഗുണമേൻമ പരിശോധിച്ച് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിട്ടില്ല.

(2) കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി, കൃഷി ഓഫീസർ പരിശോധിച്ചായിരിക്കണം വിത്തുകളുടെ അളവും തുക്കവും തീരുമാനിക്കേണ്ടത്.എന്നാൽ ഇതുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

(4) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(3) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

## 1-15 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ 25 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം കൈരളി ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, അഡൂർ എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 13,875 കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 10,19,810/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.കടത്തു കൂലി ഇനത്തിൽ 62,437/- രൂപയും നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്. ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം, ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വറി നം 15/27.08.2021).

## 1-16 റിസ്റ്റോറേഷൻ ഫീ ഈടാക്കിയതിൽ കുറവ്

1) ദേലമ്പാടി ഗ്രാമപഞ്ചായത്തിലെ കൊട്ടിയാടി-അഡൂർ അമ്പലം റോഡിൽ (പാണ്ടി റോഡ് ജംക്ഷൻ മുതൽ അഡൂർ തമ്പിനടുക്കം റോഡ് ജംക്ഷൻ വരെ) 650മീ. ദൂരത്തിൽ OFC കേബിൾ സ്ഥാപിക്കുന്നതിനായി Reliance Jio Infocom Ltd സമർപ്പിച്ച അപേക്ഷ പ്രകാരം 06.06.2019 ലെ ഉത്തരവ് നം. എ4 3515/19 നമ്പറിൽ പഞ്ചായത്ത് സെക്രട്ടറി അനുമതി നല്കിയിട്ടുണ്ട്. ഇതിനുള്ള റിസ്റ്റോറേഷൻ ഫീസായി 21.06.2019 ലെ 11901010400003 നമ്പർ രശീതി പ്രകാരം 8,22,790/- രൂപ Reliance Jio Infocom പഞ്ചായത്തിൽ അടച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ അസി. എഞ്ചിനിയർ തയ്യാറാക്കിയ റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് സെക്രട്ടറി ഫീസ് ഈടാക്കിയത്. പി. ഡബ്ല്യൂ. ഡി റോഡ്സ് & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയറുടെ 30.03.2019 ലെ സർക്കുലർ നം. CE/R&B GL/RC/2/2019 ലെ നിരക്കുകൾ അടിസ്ഥാനമാക്കിയാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. റിപ്പോർട്ടിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കൊട്ടിയാടി-അഡൂർ അമ്പലം റോഡ് (പാണ്ടി റോഡ് ജംക്ഷൻ മുതൽ അഡൂർ തമ്പിനടുക്കം റോഡ് ജംക്ഷൻ വരെ) | | | | | |
|---|---|---|---|---|---|
| | നീളം | വീതി | വിസ്തീർണ്ണം | നിരക്ക് | തുക |
| Berm Cutting | 400m | 0.50m | 200sqm | 359.85 Sqm | 71,970.00 |
| BM & BC Cutting | 50m | 100 | 50sqm | 4069.51 Sqm | 2,03,475.50 |
| Concrete | 200m | 0.50m | 100sqm | 5473.44 Sqm | 5,47,344.00 |
| ആകെ | | | | | 8,22,789.50 |
| Say | | | | | 8,22,790.00 |

പി.ഡബ്ല്യു.ഡി റോഡ്സ് & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയറുടെ 22.05.2018 ലെ സർക്കുലർ നമ്പർ CE/R&B/ GL-RC/1/2018 ലെ നിരക്കുകൾ അടിസ്ഥാനമാക്കിയാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഈ സർക്കുലറിൽ റിസ്റ്റോറേഷൻ വീതി കണക്കാക്കുന്നത് സംബന്ധിച്ച് ചില നിബന്ധനകൾ ഉൾപ്പെട്ടിട്ടുണ്ട്. പക്ഷേ ഈ നിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ല.

റിസ്റ്റോറേഷൻ വീതി ട്രഞ്ചിന്റെ വീതിയുടെ 1.5 മടങ്ങ് കണക്കാക്കണം എന്നാണ് സർക്കുലറിലെ നിബന്ധന. ഒപ്റ്റിക്കൽ ഫൈബർ കേബിളും മാൻഹോളും സ്ഥാപിക്കുന്നതിനായി റിലയൻസ് ജിയോ ഇൻഫോകോം എന്ന സ്ഥാപനം പഞ്ചായത്തിന് നല്കിയ നം. RJIL/OFC/ROW/NLD/INFILL/DELAMPADY തീയതി 30.03.2019 എന്ന അപേക്ഷയിൽ Berm Cutting നടത്തുന്നത് 1.65 മീ. ആഴത്തിൽ .40 മീ. വീതിയിൽ ആയിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈ ട്രഞ്ചുകളുടെ റിസ്റ്റോറേഷൻ വീതി ട്രഞ്ചിന്റെ വീതിയായ 0.5 മീറ്ററിന്റെ 1.50 മടങ്ങായ 0.75 മീറ്ററായി കണക്കാക്കുമായിരുന്നു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ റിപ്പോർട്ടിൽ Berm Cutting ന്റെ റിസ്റ്റോറേഷൻ വീതി 0.50 മീ.മാത്രമാണ് കണക്കാക്കിയിട്ടുള്ളത്. ആയതിനാൽ Berm Cutting ന്റെ റിസ്റ്റോറേഷൻ ഏരിയ, ഫീസ് എന്നിവ കണക്കാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. റിലയൻസിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ഫീസ് ചുവടെ ചേർക്കുന്നു.

| കൊട്ടിയാടി-അഡൂർ അമ്പലം റോഡ് (പാണ്ടി റോഡ് ജംക്ഷൻ മുതൽ അഡൂർ തമ്പിനടുക്കം റോഡ് ജംക്ഷൻ വരെ) | | | | | |
|---|---|---|---|---|---|
| | നീളം | വീതി | വിസ്തീർണ്ണം | നിരക്ക് | തുക |
| Berm Cutting | 400m | 0.75m | 300sqm | 359.85sqm | 1,07,955.00 |
| BM & BC Cutting | 50m | 100 | 50sqm | 4069.51sqm | 2,03,475.50 |
| Concrete | 200m | 0.50m | 100sqm | 5473.44sqm | 5,47,344.00 |
| ആകെ | | | | | 8,58,774.50 |
| Say | | | | | 8,58,775.00 |

2) ദേലമ്പാടി ഗ്രാമപഞ്ചായത്തിലെ ദേലമ്പാടി ടെലഫോൺ മുതൽ പൂച്ചമ്പാടി വരെയും (2.4കി.മീ), പൂച്ചമ്പാടി മുതൽ അതിർത്തിയിലെ പാലം വരെയും (2.1കി.മീ) ആകെ 4.5കി.മീ. ദൂരത്തിൽ OFC കേബിൾ സ്ഥാപിക്കുന്നതിനായി Reliance Jio Infocom Ltd സമർപ്പിച്ച അപേക്ഷ പ്രകാരം 09.05.2019 ലെ ഉത്തരവ് നം. എ4 2331/19 നമ്പറിൽ പഞ്ചായത്ത് സെക്രട്ടറി അനുമതി നല്കിയിട്ടുണ്ട്. ഇതിനുള്ള റിസ്റ്റോറേഷൻ ഫീസായി 07.05.2019 ലെ 119010400001 നമ്പർ രശീതി പ്രകാരം 43,54,780/- രൂപ Reliance Jio Infocom പഞ്ചായത്തിൽ അടച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ അസി. എഞ്ചിനിയർ തയ്യാറാക്കിയ റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് സെക്രട്ടറി ഫീസ് ഈടാക്കിയത്. പി. ഡബ്ല്യൂ. ഡി റോഡ്സ് & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയറുടെ 22.05.2018 ലെ സർക്കുലർ നം. CE/R&B GL/RC/1/2018 ലെ നിരക്കുകൾ അടിസ്ഥാനമാക്കിയാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. റിപ്പോർട്ടിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ദേലമ്പാടി ഗ്രാമപഞ്ചായത്തിലെ ദേലമ്പാടി ടെലഫോൺ മുതൽ പൂച്ചമ്പാടി വരെയും (2.4കി.മീ), പൂച്ചമ്പാടി മുതൽ അതിർത്തിയിലെ പാലം വരെയും (2.1കി.മീ) ആകെ 4.5കി.മീ. | | | | | |
|---|---|---|---|---|---|
| | നീളം | വീതി | വിസ്തീർണ്ണം | നിരക്ക് | തുക |
| Berm Cutting | 3700m | 0.50m | 1850sqm | 329.87sqm | 6,10,259.50 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| BT Cutting | 800m | 1.00 | 800sqm | 4680.65 Sqm | 37,44,520.00 |
| ആകെ | | | | | 43,54,779.50 |
| Say | | | | | 43,54,780.00 |

പി.ഡബ്ല്യ.ഡി റോഡ്സ് & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയറുടെ 22.05.2018 ലെ സർക്കുലർ നമ്പർ CE/R&B/GL-RC/1/2018 ലെ നിരക്കുകൾ അടിസ്ഥാനമാക്കിയാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഈ സർക്കുലറിൽ റിസ്റ്റോറേഷൻ വീതി കണക്കാക്കുന്നത് സംബന്ധിച്ച് ചില നിബന്ധനകൾ ഉൾപ്പെട്ടിട്ടുണ്ട്. പക്ഷേ ഈ നിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ല.

റിസ്റ്റോറേഷൻ വീതി ട്രഞ്ചിൻെറ വീതിയുടെ 1.5 മടങ്ങ് കണക്കാക്കണം എന്നാണ് സർക്കുലറിലെ നിബന്ധന. ഒപ്റ്റിക്കൽ ഫൈബർ കേബിളും മാൻഹോളും സ്ഥാപിക്കുന്നതിനായി റിലയൻസ് ജിയോ ഇൻഫോകോം എന്ന സ്ഥാപനം പഞ്ചായത്തിന് നല്കിയ നം. RJIL/OFC/ROW/NLD/8B/ DELAMPADY/ PAN/7968 തീയതി 04.01.2019 എന്ന അപേക്ഷയിൽ Berm Cutting നടത്തുന്നത് 1.65 മീ. ആഴത്തിൽ .50 മീ. വീതിയിൽ ആയിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈ ട്രഞ്ചുകളുടെ റിസ്റ്റോറേഷൻ വീതി ട്രഞ്ചിന്റെ വീതിയായ 0.5 മീറ്ററിന്റെ 1.50 മടങ്ങായ 0.75 മീറ്ററായി കണക്കാക്കുമായിരുന്നു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ റിപ്പോർട്ടിൽ Berm Cutting ന്റെ റിസ്റ്റോറേഷൻ വീതി 0.50 മീ.മാത്രമാണ് കണക്കാക്കിയിട്ടുള്ളത്. ആയതിനാൽ Berm Cutting ന്റെ റിസ്റ്റോറേഷൻ ഏരിയ, ഫീസ് എന്നിവ കണക്കാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. റിലയൻസിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ഫീസ് ചുവടെ ചേർക്കുന്നു.

| ദേലമ്പാടി ഗ്രാമപഞ്ചായത്തിലെ ദേലമ്പാടി ടെലഫോൺ മുതൽ പൂച്ചമ്പാടി വരെയും (2.4കി.മീ), പൂച്ചമ്പാടി മുതൽ അതിർത്തിയിലെ പാലം വരെയും (2.1കി.മീ) ആകെ 4.5കി.മീ. | | | | | |
|---|---|---|---|---|---|
| | നീളം | വീതി | വിസ്തീർണ്ണം | നിരക്ക് | തുക |
| Berm Cutting | 3700m | 0.75m | 2775 Sqm | 329.87sqm | 9,15,389.25 |
| BT Cutting | 800m | 1.00 | 800sqm | 4680.65 Sqm | 37,44,520.00 |
| ആകെ | | | | | 46,59,909.25 |
| Say | | | | | 46,59,909.00 |

കുറവു വന്ന 3,41,114/-രൂപ ( 35985 (1)+ 305129(2)

അപാകതകൾക്ക് വിശദീകരണവും സ്വീകരിക്കുവാനുദ്ദേശിക്കുന്ന പരിഹാര നടപടികളും അറിയിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9, തീയതി 31.08.2021) മറുപടി നല്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 വയോമിത്രം വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രൊ.നം.104/2019-20

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ .

വയോമിത്രം പദ്ധതിയുടെ വിഹിതമായി, ട്രഷറി ബിൽ നം. 13/27.02.2020 പ്രകാരം 5,00,000/-രൂപ സോഷ്യൽ സെക്യൂരിറ്റി മിഷൻ എന്ന സ്ഥാപനത്തിന് (A/C/നം 70101140000) നൽകിയിട്ടുണ്ട്.

പദ്ധതി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 വയോജനങ്ങൾക്കുള്ള പകൽ വിശ്രമ കേന്ദ്രത്തിലേക്ക് ഫർണിച്ചർ നൽകൽ പദ്ധതി അപാകതകൾ

പ്രോജക്റ്റ് നം - SO227/20

പ്രോജക്റ്റിന്റെ പേര് – ഊജംപാടി വയോജനങ്ങൾക്കുള്ള പകൽ വിശ്രമ കേന്ദ്രത്തിലേക്ക് ഫർണിച്ചർ, ടി.വി,വാട്ടർ ഫിൽട്ടർ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 1,00,000/-രൂപ - തനത് ഫണ്ട്

ചെലവ് തുക - 34,602/-രൂപ

ചെക്ക് നമ്പർ, തീയതി - 2102427തീയതി.3.3.2020 RS.34,602/-

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഊജംപാടി വയോജനങ്ങൾക്കുള്ള പകൽ വിശ്രമ കേന്ദ്രത്തിലേക്ക് ഫർണിച്ചർ വാങ്ങി വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ മുഖേനയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പ്രൊജക്റ്റ് നമ്പർ.SO227/20 പ്രകാരം തനത് ഫണ്ടിൽ നിന്ന് 34,602/-രൂപ ചെലവഴിച്ചിട്ടുണ്ട്. എമറാൾഡ് സ്റ്റീൽ പെരിയാട്ടടുക്കം എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.344 തിയ്യതി 14-02-2020 പ്രകാരം 1 സ്റ്റീൽ കമ്പ്യൂട്ടർ ടേബിളും,50 കസേരയും എന്നിവ സ്ഥാപനം വിതരണം ചെയ്തതിന് ആകെ34,602/-രൂപ എമറാൾഡ് സ്റ്റീൽ പെരിയാട്ടടുക്കം എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഉണ്ടായി ( അക്കൗണ്ട് നം.4111214000001).

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പദ്ധതിക്കുവേണ്ടി ഫർണിച്ചറുകൾ വാങ്ങുന്ന സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥനും സ്ഥാപനവും തമ്മിലുള്ള കരാർ ഉടമ്പടിയിൽ വ്യവസ്ഥകൾ രേഖപ്പെടുത്തലുകൾ നടത്താതെയാണ് കരാർ പത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. കരാർ ഉടമ്പടിയിൽ വ്യവസ്ഥകൾ രേഖപ്പെടുത്തി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2)ഈ പദ്ധതിക്ക് ക്വട്ടേഷൻ വിളിച്ചത്, ലഭിച്ച ക്വട്ടേഷൻ, ടാബുലേഷൻ ഷീറ്റ്, പ്രൊക്യൂർമെന്റ് കമ്മിറ്റി ഫർണിച്ചറുകളുടെ ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട് ഭരണസമിതി എന്നിവയുടെ അംഗീകാരം ലഭിച്ചത് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) വാങ്ങിയ ഫർണിച്ചറുകൾ വയോജനങ്ങൾക്കുള്ള പകൽ വിശ്രമ കേന്ദ്രത്തിലേക്ക് വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രസീത് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4)പദ്ധതി പ്രകാരം വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

